പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1371. 08.02.2013 ൽ മറുപടിക്ക്

## ഗ്യാസ് സിലിണ്ടറുകൾ കുറ്റമറ്റ രീതിയിൽ ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) നിലവിൽ സബ്സിഡി നിരക്കിൽ എത്ര ഗ്യാസ് സിലിണ്ടറുകളാണ് നൽകി വരുന്നത് ; | (എ) ഗാർഹിക ഉപഭോക്താക്കൾക്ക് 14.09.2012 മുതൽ 31.3.2013 വരെ 5 പാചക വാതക സിലിണ്ടറുകളും 01.04.2013 മുതൽ വർഷത്തിൽ 9 പാചക വാതക സിലിണ്ടറുകളുമാണ് സബ്സിഡി നിരക്കിൽ നല്കുന്നത്. |
| (ബി) സബ്സിഡി സിലിണ്ടറുകൾ ബുക്ക് ചെയ്താൽ കൃത്യസമയത്ത് ലഭ്യമാക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ ആയത് കുറ്റമറ്റ രീതിയിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?<br>(ഡി) പ്രസ്തുത കാര്യത്തിൽ വീഴ്ച വരുത്തുന്ന ഏജൻസികൾക്കെതിരെ നടപടി സ്വീകരിക്കുമോ ? | (സി) + (ഡി) സബ്സിഡി സിലിണ്ടറുകൾ ഉപഭോക്താക്കൾക്ക് കൃത്യമായി എത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ എല്ലാ എണ്ണ കമ്പനികളുടേയും വിതരണ ഏജൻസികളിൽ ഫൂൾ പ്രൂഫ് കംപ്യൂട്ടർ സോഫ്റ്റ് വെയർ സ്ഥാപിച്ചിട്ടുണ്ട് എന്ന് എണ്ണ കമ്പനികളുടെ സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. മാത്രമല്ല സിവിൽ സപ്ലൈസ് വകുപ്പ് ഗ്യാസ് ഏജൻസികളിൽ കർശന പരിശോധന നടത്തിവരുന്നുണ്ട്. കൃത്യമായി വിതരണം നടത്താത്ത ഏജൻസികൾക്കെതിരെ അന്വേഷണത്തിൽ വാസ്തവമുണ്ടെന്ന് കാണുന്നപക്ഷം 2000 ലെ എൽ.പി.ജി. റഗുലേഷൻ ആക്ട് പ്രകാരം നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ.